"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഒന്നാംതരം ഓവർസിയർ ആയ ശ്രീ.നിഷാന്ത് കവുങ്ങാപറമ്പിൽ-ന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ ഡബ്ല്യു ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1874/2023/LSGD തീയതി,തിരുവനന്തപുരം, 21-09-2023

പരാമർശം:-
1. ശ്രീ.നിഷാന്ത് കവുങ്ങാപറമ്പിൽ 16.06.2020-ന് സമർപ്പിച്ച അപേക്ഷ.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.12.2020 ലെ ഇ14/13682/2020/സിഇ/തസ്വഭവ നമ്പർ കത്ത്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.07.2022 ലെ (എൽ.ഡിസ്) എം.ആർ.3-77001/2021/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് സബ്ഡിവിഷൻ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെ ഒന്നാംതരം ഓവർ സിയർ ആയ ശ്രീ.നിഷാന്ത് കാവുങ്ങാപറമ്പിൽ തന്റെ ചികിത്സയ്ക്ക് മലപ്പുറം കിംസ് അൽഷിഫ ആശുപത്രിയിൽ 29.04.2020-04.05.2020 കാലയളവിൽ ചെലവായ 2,17,226/ - രൂപ(രണ്ട് ലക്ഷത്തി പതിനേഴായിരത്തി ഇരുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.നിഷാന്ത് കാവുങ്ങപറമ്പിൽ-ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 1,65,925/- രൂപ (ഒരു ലക്ഷത്തി അറുപത്തി അഞ്ചായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മലപ്പുറം ജില്ല സാങ്കേതിക വിഭാഗത്തിന്റെ കീഴിലുള്ള പെരിന്തൽമണ്ണ സാങ്കേതിക ഉപവിഭാഗത്തിലെ ഒന്നാം തരം ഓവർസീയർ ആയ ശ്രീ.നിഷാന്ത് കാവുങ്ങപറമ്പിലിന്റെ ചികിത്സയ്ക്ക് മലപ്പുറം കിംസ് അൽഷിഫ ആശുപത്രിയിൽ 29.04.2020-04.05.2020 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 1,32,740/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി നാല്പതു രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

2. ശ്രീ.നിഷാന്ത് കാവുങ്ങപറമ്പിൽ, ഒന്നാംതരം ഓവർസിയർ

*(തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (25.03.2023 ലെ 2379239/Loans-L3/47/2023-ധന.നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
Date: 21-09-2023 14:18:36
സെക്ഷൻ ഓഫീസർ